കയുണ്ടായി. വികസനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. ആ മാർഗ്ഗരേഖ പ്രകാരം തൃക്കുളം വാട്ടർഷെഡിന്റെ സമഗ്ര വികസനത്തിന് 14 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച ആ പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിന് സമ്മർദ്ദമോ മർദ്ദനമോ എന്താണോ വേണ്ടത് അതു ചെയ്യണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി): സർ, കേന്ദ്ര ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുള്ള സാറ്റലൈറ്റ് റിമോട്ട് സെൻസിംഗ് അടിസ്ഥാനമാക്കിയുള്ള ഇന്റഗ്രേറ്റഡ് മിഷൻ ഫോർ സസ്റ്റെയ്നബിൾ ഡെവലപ്മെന്റ് പ്രോജക്ട് (ഐ.എം.എസ്.ഡി) നടപ്പാക്കുന്നതിന് കേരളത്തിലെ പാലക്കാട്, കാസർകോട്, മലപ്പുറം, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളെ തെരഞ്ഞെടുത്തു. ജലസ്രോതസ്സിന്റെ പരിമിതിയും പറമ്പു കൃഷിയുടെ (ഡ്രൈ ലാന്റ് അഗ്രികൾച്ചറിന്റെ) ആവശ്യകതയും വളർച്ചയും കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ തൃക്കുളം വാട്ടർഷെഡ് പദ്ധതി നടപ്പാക്കാൻ മലപ്പുറം ജില്ലാ കളക്ടർ ഒരു പ്രോജക്ട് തയ്യാറാക്കി. ഐ.എം.എസ്.ഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തൃക്കുളം വാട്ടർഷെഡിന്റെ സമഗ്ര വികസനത്തിനായുള്ള പ്രസ്തുത പ്രോജക്ട് 13.12.99, 30.12.99 എന്നീ തീയതികളിൽ 6174/പി.സി.1/99 എൽ.എസ്.ജി.ഡി നമ്പർ സർക്കാർ കത്തു പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുള്ളതാണ്. ഭൂജലവകുപ്പിന്റെ 71 ലക്ഷത്തിന്റേയും മണ്ണു സംരക്ഷണ വകുപ്പിന്റെ 1135.55 ലക്ഷത്തിന്റേയും വിദ്യാഭ്യാസ വകുപ്പിന്റെ 116.505 ലക്ഷത്തിന്റേയും പദ്ധതികളാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൊത്തം 14 കോടി രൂപ വരും. പദ്ധതിച്ചെലവിൽ പത്തു ശതമാനം ഗുണഭോക്തൃവിഹിതമായും ബാക്കി ഭാഗം സംസ്ഥാന കേന്ദ്ര ഗവണ്മെന്റുകളുടെയോ മറ്റ് ഏജൻസികളുടേയോ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സംബന്ധിച്ച കേന്ദ്രാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ലഭിക്കാൻ ആവശ്യമായ ശക്തിയായിട്ടുള്ള സമ്മർദ്ദം കേന്ദ്ര ഗവണ്മെന്റിൽ ചെലുത്തുന്നതായിരിക്കും.

(21) സ്വകാര്യ മേഖലയിലെ ഫാർമസിസ്റ്റുകളുടെ പണിമുടക്ക്

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിലെ സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്ന ഫാർമസിസ്റ്റുകൾ, സ്വകാര്യ ആശുപത്രികളിലേയും മെഡിക്കൽ സ്റ്റോറുകളിലേയും ഫാർമസിസ്റ്റുകൾ സംസ്ഥാന വ്യാപകമായി പണിമുടക്കും സെക്രട്ടറിയേറ്റ് മാർച്ചും നടത്തുകയാണ്. പ്രധാനമായും അവർ ഉയർത്തിപ്പിക്കുന്ന വിഷയം അവരുടെ മിനിമം കൂലി, അവരുടെ വേതനം അവസാനമായി 1991-ലാണ് പുതുക്കി നിശ്ചയിച്ചത്. ഇപ്പോൾ 9 വർഷം കഴിഞ്ഞു. മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പലതവണ ഫാർമസിസ്റ്റുകൾ സമരം ചെയ്തിട്ടുണ്ട്. ഈ വിഷയം പലതവണ പ്രതിപക്ഷ-ഭരണകക്ഷികളിലുള്ള പല മെമ്പർമാരും സഭയിൽ അവതരിപ്പിക്കുകയും മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ തയ്യാറാണെന്ന് ഗവണ്മെന്റ് പറയുകയും ചെയ്തിട്ടുണ്ട്, എങ്കിലും അവരുടെ മുദ്രാവാക്യം സഫലീകരിക്കാൻ കഴിഞ്ഞിട്ടില്ല. വീണ്ടും അവർ സമര രംഗത്ത് വന്നിരിക്കുകയാണ്. അവർ ഈ സമരത്തിൽ ഉയർത്തുന്ന മറ്റൊരു പ്രധാപ്പെട്ട മുദ്രാവാക്യം കോടതി വിധി മാനിച്ച് സ്വകാര്യ ആശുപത്രിയിൽ ഡ്രഗ് ലൈസൻസ് ഉടൻ നടപ്പാക്കണമെന്നുള്ളതാണ്. അതുപോലെ മരുന്നുകളുടെ ഗുണവും അളവും പരിശോധിക്കാനുള്ള ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി ജില്ലകൾ തോറും സ്ഥാപിക്കണമെന്നുള്ളതാണ്. ഇത്തരം പ്രധാനപ്പെട്ട ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാസ്വകാര്യ ഫാർമസിസ്റ്റുകൾ നടത്തുന്ന സമരത്തോടുള്ള സമീപനം സർക്കാർ വ്യക്തമാക്കണമെന്നും ഒൻപതു വർഷം കഴിഞ്ഞിട്ടും മിനിമം

LIBRARY ARCHIVES Kerala Legislative Assembly

വേതനം പുതുക്കി നിശ്ചയിക്കാത്ത കാര്യത്തിൽ സർക്കാർ നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കേരളത്തിലെ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരാതികളൊന്നും ആരോഗ്യവകുപ്പിന് ലഭിച്ചതായി കാണുന്നില്ല. സ്വകാര്യ സ്ഥാപനങ്ങളുടെമേൽ സർക്കാരിന് ഇപ്പോഴത്തെ പരിതസ്ഥിതിയിൽ നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ പ്രായോഗികമല്ല. എന്നാൽ സ്വകാര്യസ്ഥാപനങ്ങളിലെ പ്രവർത്തനവും നടത്തിപ്പും നിയന്ത്രിക്കുന്നതിന് ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു പ്രാവർത്തികമാക്കുമ്പോൾ മറ്റു ജീവനക്കാരോടൊപ്പം ഫാർമസിസ്റ്റുകളുടേയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നതായി അറിയുന്നു. അതു പ്രാവർത്തികമാക്കുമ്പോൾ ഫാർമസിസ്റ്റുകളുടേയും വേതനം പുതുക്കി ലഭിക്കുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. മറ്റു രണ്ടു കാര്യങ്ങൾ അദ്ദേഹം സൂചിപ്പിച്ചു. സ്വകാര്യ ആശുപത്രികൾക്ക് ഡ്രഗ് ലൈസൻസ് കൊടുക്കണമെന്നതാണ് അതിലൊന്ന്. അങ്ങനെ ഒരാവശ്യം ആദ്യമായി ഉന്നയിക്കുകയാണ്. അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടേയുള്ളു. അതു ചർച്ച ചെയ്തശേഷം മറുപടി പറയാം. രണ്ടാമത്, ജില്ലകളിൽ ലാബുകൾ സ്ഥാപിക്കണമെന്നുള്ളതാണ്. സാമ്പത്തിക പ്രശ്നങ്ങൾ പരിഗണിച്ച് പണത്തിന്റെ ലഭ്യത പരിഗണിച്ച് അക്കാര്യം പരിഗണിക്കാം.

മി. സ്പീക്കർ : ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി മാർച്ച് 20-ാം തീയതി ഡോ. നീലലോഹിതദാസൻ നാടാർ നടത്തിയ പ്രസംഗത്തിലുണ്ടായ ചില പരാമർശങ്ങളിൽ ഒരു ഭാഗം ചെയർ രേഖയിൽ നിന്നും നീക്കിയിരുന്നു. പക്ഷേ അതിനു സബ്സിക്വന്റായി വന്ന ചില പരാമർശങ്ങളുണ്ട്. ശ്രീ. കെ.സി. ജോസഫ് ആണ് അതിനെ സംബന്ധിച്ച് പരാമർശിച്ചത്. അതും രേഖയിൽ നിന്ന് നീക്കേണ്ടതായിരുന്നു. ആ സമയത്ത് അതു രേഖയിൽ നിന്ന് നീക്കാൻ കഴിഞ്ഞില്ല. ആ ഭാഗവും രേഖയിൽ നിന്നും നീക്കം ചെയ്യുന്നു.

ശ്രീ. കെ.സി. ജോസഫ് : സർ, എന്താണ്?

മി. സ്പീക്കർ : അങ്ങേയ്ക്ക് ഒരു അപകടവുമില്ല. അതിനെ സംബന്ധിച്ച് സബ്സിക്വന്റായിട്ടുള്ള ഒരു പരാമർവും നടത്തിയിരുന്നു. അതും പാടില്ല എന്നാണ്. അതിന്റെ ഭാഗമായിട്ടുള്ളത് നീക്കിയാൽ അതു രേഖയിലില്ലെങ്കിൽ ഇതെങ്ങനെ വന്നു എന്നുള്ളതു വരും. അതു കൊണ്ടാണ്. അതൊരു നടപടിക്രമമാണ്.

V. റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബിൽ

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരളാ അധികാരവികേന്ദ്രീകരണ ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly